Overview of the Session

Uncorrected/Not for publication
09-10-2025

**അവലോകനം**

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. പ്രധാനമായും നിയമനിർമ്മാണത്തിനായി ചേർന്ന ഈ സമ്മേളനം 2025 സെപ്റ്റംബർ 15 മുതൽ ഒക്ടോബർ 9 വരെയുള്ള കാലയളവിൽ ആകെ 11 ദിനങ്ങളാണ് സമ്മേളിച്ചത്.

സെപ്റ്റംബർ 15-ന് മുൻ കേരള മുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദൻ, ഈ സഭയിലെ അംഗമായിരുന്ന വാഴൂർ സോമൻ, മുൻ നിയമസഭാ സ്പീക്കറും മുൻ മന്ത്രിയുമായ പി. പി. തങ്കച്ചൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് റഫറൻസോടെ ആദ്യദിനം സഭ പിരിയുകയുണ്ടായി. മുൻ മന്ത്രി സി. വി. പദ്മരാജൻ, മുൻ നിയമസഭാംഗങ്ങളായ തെന്നല ജി. ബാലകൃഷ്ണപിള്ള, പി. ജെ. ഫ്രാൻസിസ്, പ്രൊഫ. എം. കെ. സാനു, എം. നാരായണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസും ഈ സമ്മേളനത്തിൽ സഭ നടത്തുകയുണ്ടായി.

പതിനൊന്നാം സമ്മേളനകാലത്ത് രൂപീകരിക്കപ്പെട്ട സെലക്ട് കമ്മിറ്റിയുടെ പരിഗണന പൂർത്തീകരിച്ചുവന്ന 2023-ലെ കേരള പൊതുരേഖ

ബില്ലും 2025-26 വർഷത്തെ ബജറ്റിലെ ഉപധനാഭ്യർഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും ഉൾപ്പെടെ ആകെ 21 ബില്ലുകൾ ഈ സമ്മേളനത്തിൽ സഭ പാസ്സാക്കുകയുണ്ടായി. ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 10222 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 8354 നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. വിവിധ ബില്ലുകളുടെ പരിഗണനാവേളയിൽ 73 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുണ്ടായി.

ചരിത്രപരമായ പ്രാധാന്യമുള്ള ഒട്ടേറെ ബില്ലുകൾ ഈ സമ്മേളനത്തിൽ സഭ പാസ്സാക്കുകയുണ്ടായി. 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ, 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ, 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ, 2025-ലെ മലയാളഭാഷാ ബിൽ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ, 2025-ലെ

ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ തുടങ്ങിയ ബില്ലുകൾ അതിൽ ഉൾപ്പെടുന്നു.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള നാല് നോട്ടീസുകൾ സഭ പരിഗണിച്ചതിൽ നാല് നോട്ടീസുകളിന്മേലും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമായി എന്ന അപൂർവതയും പതിനാലാം സമ്മേളനത്തിലുണ്ടായി. ലോക്കപ്പ് മർദനം, അമീബിക് മസ്തിഷ്കജ്വരത്തിന്റെ വ്യാപനം, നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും, ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും എന്നീ വിഷയങ്ങളിന്മേലുള്ള നോട്ടീസുകൾപ്രകാരം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയം വീതം ചർച്ച നടത്തുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയുടെ നാളിതുവരെയുള്ള കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 17 നോട്ടീസുകളാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്തത്. ഒന്നാം കേരള നിയമസഭയുടെ തുടക്കം മുതൽ നാളിതുവരെയുള്ള ആറു പതിറ്റാണ്ടിൽ ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ 47 തവണ സഭ ചർച്ച ചെയ്തതിൽ ഏറെയും പതിനാല്, പതിനഞ്ച് കേരള നിയമസഭകളുടെ

കാലത്താണെന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന തുറന്ന സമീപനത്തെ ചെയർ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

ഈ സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 53 മണിക്കൂർ 52 മിനിറ്റിൽ 20 മണിക്കൂർ 11 മിനിറ്റാണ് നിയമനിർമ്മാണത്തിനായി വിനിയോഗിക്കപ്പെട്ടത്. റൂൾ 50 പ്രകാരമുള്ള നടപടികളിന്മേൽ 11 മണിക്കൂർ 13 മിനിറ്റും വിനിയോഗിക്കുകയുണ്ടായി എന്നത് എടുത്തുപറയേണ്ടതാണ്.

സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ട 2024-ലെ കേരള സഹകരണ സംഘങ്ങൾ (രണ്ടാം ഭേദഗതി) ചട്ടങ്ങൾക്ക് ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയ ഭേദഗതികൾ സഭ പരിഗണിക്കുകയും അവയിൽ ചില ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രി സ്വീകരിക്കുകയുമുണ്ടായി. ചട്ടങ്ങൾ നിയമസഭ പാസ്സാക്കിയ മൂലനിയമങ്ങൾക്കനുസൃതവും കുറ്റമറ്റതുമാണെന്ന കാര്യം ഉറപ്പാക്കാൻ സഭയ്ക്ക് ചട്ടപ്രകാരം ലഭ്യമായിട്ടുള്ള അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഇടപെടലിനെ ചെയർ അഭിനന്ദിക്കുന്നു.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സുതാര്യമായി നടത്തണമെന്നത് സംബന്ധിച്ച ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് ഉപക്ഷേപം ഈ സമ്മേളനകാലയളവിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

സമ്മേളന കാലയളവിൽ 15 ശ്രദ്ധക്ഷണിക്കലുകളും 83 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 774 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 105 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച ഒരു വെള്ളിയാഴ്ച 3 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 4 പ്രൈവറ്റ് മെമ്പർ ബില്ലുകൾ സഭ പരിഗണിക്കുകയും 3 ബില്ലുകൾ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു.

ഈ സമ്മേളനകാലത്ത് 10 ചോദ്യദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി

ആകെ 6456 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 7 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 14 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 300 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3974 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 4274 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 300 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3709 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 565 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 40 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 222 അവസരങ്ങളിലായി 257 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിനുള്ള ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ

സമർപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലെ ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിപക്ഷം ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ഇനിയും ഏതാനും മറുപടികൾകൂടി ലഭ്യമാക്കാനുണ്ടെന്നാണ് കാണുന്നത്.

ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം - വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മറ്റ് മന്ത്രിമാർക്കും ഈ മാതൃക സ്വീകരിക്കാവുന്നതാണ്. ഇനിയും മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് പൂർണ്ണമായി ചട്ടം അനുശാസിക്കുന്നവിധം മറുപടി ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ വീണ്ടും ഓർമ്മിപ്പിക്കുന്നു.

ഈ സമ്മേളന കാലയളവിൽ 2025 ഒക്ടോബർ 6-ന് സഭാ സമ്മേളനം പുനരാരംഭിച്ചത് മുതൽ പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേളയിൽത്തന്നെ സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തുകയുണ്ടായി. സഭാംഗങ്ങളുടെ പെരുമാറ്റചട്ടത്തിന് വിരുദ്ധമായും സഭയുടെ അന്തസ്സിന് നിരക്കാത്ത വിധത്തിലും അക്രമാസക്തരായി ചെയറിന്റെ ഡയസിലേക്ക് തള്ളിക്കയറാൻ ശ്രമിക്കവേ പ്രതിരോധിച്ച സുരക്ഷാ സേനാംഗങ്ങളെ കൈയേറ്റം ചെയ്യുകയും ചീഫ് മാർഷലിനെ പരുക്കേല്പിക്കുകയും ചെയ്തതിനെത്തുടർന്ന് പ്രതിപക്ഷത്തെ മൂന്ന് അംഗങ്ങളെ സമ്മേളനത്തിന്റെ ശേഷിക്കുന്ന

കാലയളവിലേക്ക് സസ്പെൻഡ് ചെയ്യേണ്ട ദൗർഭാഗ്യകരമായ സാഹചര്യവും ഈ സമ്മേളനത്തിലുണ്ടായിട്ടുണ്ട്.

നിയമസഭാ സാമാജികരുടെ വാസസ്ഥലത്തെ പമ്പാ ബ്ലോക്കിന്റെ പുനർനിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഈ വർഷംതന്നെ നിർമ്മാണം പൂർത്തീകരിച്ച് താമസയോഗ്യമാക്കുന്നതാണ്.

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് 2026 ജനുവരി ആദ്യവാരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. വൈവിധ്യമാർന്ന പരിപാടികളും വമ്പിച്ച പൊതുജന പങ്കാളിത്തവുംക്കൊണ്ട് അന്താരാഷ്ട്ര ശ്രദ്ധ നേടിയ പുസ്തകോത്സവം മുൻ പതിപ്പുകളേക്കാൾ മികച്ച നിലയിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. സാമാജികരെക്കൂടി ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് വൻ വിജയമാക്കിത്തീർക്കുന്നതിന്

മുൻ പതിപ്പുകളിലുണ്ടായിരുന്നതുപോലെ ഏവരുടെയും സഹായവും സഹകരണവും അഭ്യർഥിക്കുന്നു.

സഭയുടെ പതിനാലാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാനാവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും ഗവ. സെക്രട്ടേറിയറ്റിലെ നിയമവകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിലെയും ഇതര വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമപ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു.

എല്ലാവർക്കും ഹൃദ്യമായ ക്രിസ്തുമസ്-പുതുവത്സര ആശംസകൾ നേരുന്നു.

ഓർഡർ ..... ഓർഡർ ...... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2025 ഒക്ടോബർ മാസം 09-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 05.56-ന് ദേശീയ ഗാനാലാപനത്തോടെ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *